**No. CEE/4830/2015/MDS 2016/TA4**


കേരള സർക്കാർ

**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**

ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം-695 001


# വിജ്ഞാപനം

## പി ജി ഡെന്റൽ (എം.ഡി.എസ്) കോഴ്സുകളിലേയ്ക്കുള്ള പ്രവേശനം 2016-17

## ഒന്നാം ഘട്ട അലോട്ട്മെന്റ് ലിസ്റ്റ് പ്രസിദ്ധീകരിച്ചു.

തിരുവനന്തപുരം, കോട്ടയം, കോഴിക്കോട് എന്നീ 3 സർക്കാർ ഡെന്റൽ കോളേജുകളിലെ പി.ജി ഡെന്റൽ കോഴുസുകളിലേയ്ക്കുള്ള പ്രവേശനത്തിനായി അപേക്ഷാർത്ഥികളുടെ റാങ്കിന്റെയും അവർ 04.04.2016 മുതൽ 10.04.2016, 3 മണിവരെ പ്രവേശന പരീക്ഷാ കമ്മീഷണറുടെ വെബ്സൈറ്റിലൂടെ നൽകിയ ഓൺലൈൻ ഓപ്ഷനുകളുടെയും അടിസ്ഥാനത്തിൽ ഒന്നാം ഘട്ട അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു. ലിസ്റ്റ് www.cee.kerala.gov.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

ഒന്നാം ഘട്ട അലോട്ടുമെന്റ് പ്രകാരം അലോട്ടുമെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ അലോട്ടുമെന്റ് മെമ്മോയിൽ കാണിച്ചിട്ടുള്ളതും, പ്രവേശന പരീക്ഷാ കമ്മീഷണർക്ക് അടക്കേണ്ടതുമായ ഫീസ് **15.04.2016** മുതൽ **22.04.2016** വരെയുള്ള തീയതികളിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിന്റെ **(SBT)** തെരഞ്ഞെടുത്ത ശാഖകളിലൊന്നിലോ അല്ലെങ്കിൽ ഓൺലൈൻ പേയ്മെന്റ് ആയോ ഒടുക്കേണ്ടതാണ്. എസ്.ബി.റ്റി. ശാഖകളുടെ ലിസ്റ്റ് വെബ്സൈറ്റിൽ ലഭ്യമാണ്.

അലോട്ട്മെന്റ് ലഭിച്ച വിദ്യാർത്ഥികൾ 22.04.2016 (വെള്ളിയാഴ്ച) വൈകുന്നേരം 5 മണിക്ക് മുമ്പ് ബന്ധപ്പെട്ട ഡെന്റൽ കോളേജുകളിൽ അലോട്ട്മെന്റ് മെമ്മോയിൽ രേഖപ്പെടുത്തിയിട്ടുള്ള രേഖകൾ സഹിതം ഹാജരായി പ്രവേശനം നേടേണ്ടതാണ്. കോളേജ് പ്രിൻസിപ്പൽമാർ പ്രവേശനം നേടിയ വിദ്യാർത്ഥികളുടെ വിവരങ്ങൾ ഓൺലൈൻ അഡ്മിഷൻ മാനേജ്മെന്റ് സിസ്റ്റം മുഖേന അംഗീകരിച്ച് **22.04.2016 വൈകുന്നേരം 5.30 ന്** പ്രവേശന പരീക്ഷാ കമ്മീഷണർക്ക് സമർപ്പിക്കണം.

കുടുതൽ വിവരങ്ങൾക്ക് താഴെ പറയുന്ന ഹെൽപ്പ് ലൈൻ നമ്പരുകളിൽ ബന്ധപ്പെടാവുന്നതാണ്. **0471-2339101, 2339102, 2339103, 2339104.**

തിരുവനന്തപുരം
12.04.2016

**പ്രവേശന പരീക്ഷാ കമ്മീഷണർ**